പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. * 516 — 24/07/2015 ൽ മറുപടിക്ക്

## സർക്കാർ ആരോഗ്യ മേഖല ശാക്തീകരിക്കാൻ നടപടി

| ചോദ്യം<br>ശ്രീ.കെ.കെ.നാരായണൻ<br>,, കോടിയേരി ബാലകൃഷ്ണൻ<br>,, കെ.രാധാകൃഷ്ണൻ<br>ഡോ.കെ.ടി.ജലീൽ | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ജില്ലാ ആശുപത്രികളെയും ജനറൽ ആശുപത്രികളെയും മെഡിക്കൽ കോളേജായി മാറ്റുന്ന നിലവിലെ രീതിക്കു പകരം പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ ജില്ലാശുപത്രി വരെയുള്ള പ്രാഥമിക, ദ്വിതീയ ആരോഗ്യ മേഖല ശാക്തീകരിക്കാൻ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ ? | (എ) | എല്ലാ ജില്ലാ/ജനറൽ ആശുപത്രികളെയും മെഡിക്കൽ കോളേജ് ആശുപത്രികളാക്കി മാറ്റുന്ന നയം സർക്കാർ സ്വീകരിച്ചിട്ടില്ല. ചില ജില്ല/ജനറൽ ആശുപത്രികളെ താൽക്കാലികമായി പുതിയ മെഡിക്കൽ കോളേജുകളോട് ബന്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് തികച്ചും തൽക്കാലിക സംവിധാനം മാത്രമാണ്. മെഡിക്കൽ കോളേജുകൾക്ക് പുതിയ ആശുപത്രി കെട്ടിടം നിർമിക്കുമ്പോൾ ജില്ല/ജനറൽ ആശുപത്രി കെട്ടിടം തിരികെ നൽകുകയോ അവയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുകയോ ചെയ്യുന്നതിനാണ് തീരുമാനം. മുൻപ് ആലപ്പുഴ മെഡിക്കൽ കോളേജിന്റെ കാര്യത്തിലും ഇപ്രകാരം ഒരു സംവിധാനമാണ് സ്വീകരിച്ചത്. പ്രാഥമികാരോഗ്യകേന്ദ്രം മുതൽ ജില്ലാ/ജനറൽ ആശുപത്രിവരെയുള്ള ആരോഗ്യ സ്ഥാപനങ്ങളെ ശാക്തീകരിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ എടുത്തു വരുന്നത്. പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി അവയോട് അനുബന്ധിച്ച് പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ എൻ.ആർ.എച്ച്.എം. മുഖേന സമഗ്ര ആരോഗ്യ പദ്ധതിയിൽ ഉൾപ്പെടുത്തി പ്രൈമറി ഹെൽത്ത് ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രാഥമികാരോഗ്യ മേഖല ശക്തിപ്പെടുത്താൻ ആരോഗ്യ വകുപ്പ് മുഖേനയും ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ വഴിയും പ്രവർത്തനങ്ങൾ നടത്തിവരുന്നു. എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ഒരു പ്രാഥമികാരോഗ്യ കേന്ദ്രം എങ്കിലും ഉണ്ടായിരിക്കണം എന്ന ലക്ഷ്യത്തോടെ 2012-13, 2013-14 എന്നീ സാമ്പത്തിക വർഷങ്ങളിലായി പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ ഇല്ലാത്ത 24 ഗ്രാമപഞ്ചായത്തുകളിൽ പുതുതായി പ്രാഥമികാരോഗ്യകേന്ദ്രങ്ങളും 69 അർബൻ പി.എച്ച്.സി.കളും സ്ഥാപിച്ചു. സ്പെഷ്യാലിറ്റി ചികിത്സാ സംവിധാനം സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ലഭ്യമാകുന്ന |

| | | | |
|---|---|---|---|
| | | | തരത്തിൽ പ്രസ്തുത സ്ഥാപനങ്ങളുടെ സ്റ്റാഫ് പാറ്റേണും, ലഭ്യമാകുന്ന ചികിത്സാ സൗകര്യങ്ങളും പുനർനിർണ്ണയിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ കാലയളവിൽ 26 സ്ഥാപനങ്ങളുടെ പദവി ഉയർത്തുകയും 2246 തസ്തികകൾ പുതുതായി സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും എൻ.എച്ച്.എം. മുഖേനയും എം.എൽ.എ., എം.പി. എന്നിവരുടെ ആസ്തി വികസന ഫണ്ട് മുഖേനയും ഈ സ്ഥാപനങ്ങൾ ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. |

**സെക്ഷൻ ഓഫീസർ**